പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.241 08/05/2017-ൽ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

**ചോദ്യം**

ശ്രീ. കാരാട്ട് റസാഖ്
ശ്രീ. ബി. സത്യൻ
ശ്രീമതി. പി.അയിഷാ പോറ്റി
ശ്രീ. എം.മുകേഷ്:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ചാം ക്ലാസ്സുവരെയുള്ള വിദ്യാലയങ്ങൾ ഒരു കിലോമീറ്റർ പരിധിയിലും എട്ടാം ക്ലാസ്സുവരെയുള്ളവ മൂന്ന് കിലോമീറ്റർ പരിധിയിലും സ്ഥാപിക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഈ നിയമം നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) ഉണ്ട്. 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സെക്ഷൻ 3 (1) ഇങ്ങനെ അനുശാസിക്കുന്നു. "Every child of the age of six to fourteen years shall have a right to free and compulsory education in a neighbourhood school till completion of elementary education". ഇതനുസരിച്ച് 2011-ൽ സംസ്ഥാനം പുറപ്പെടുവിച്ച ചട്ടമനുസരിച്ച് കുട്ടി താമസിക്കുന്ന സ്ഥലത്തു നിന്നും ഒരു കിലോമീറ്റർ പരിധിയിൽ 5-ാം ക്ലാസ്സ് വരെയുള്ള വിദ്യാലയവും 3 കിലോമീറ്റർ പരിധിയിൽ 6 മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാലയവും വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ വ്യവസ്ഥയനുസരിച്ച് ഇപ്പോൾ നിലവിലുള്ള സ്കൂൾ സംവിധാനം തന്നെ പര്യാപ്തമാണ്. എന്നിരുന്നാലും ഇത് സംബന്ധിച്ച് സ്കൂൾ മാപ്പിംഗ് നടത്തുകയും ആയത് ശാസ്ത്രീയമല്ല എന്ന് കണ്ടെത്തിയതിനാൽ കുട്ടിയുടെ താമസസ്ഥലത്ത് നിന്നും അടുത്തുള്ള സ്കൂളിലേയ്ക്കുള്ള അകലം, വാഹനസൗകര്യം തുടങ്ങിയവ ചട്ടം 2 (q) പ്രകാരം പരിഗണിച്ച് സ്കൂൾ മാപ്പിംഗ് ശാസ്ത്രീയമായി പുനർ നിർണ്ണയിക്കുന്നതിന് വിദ്യാഭ്യാസ

ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
ദൂരപരിധിയുടെ അടിസ്ഥാനത്തിൽ സ്കൂൾ സ്ഥാപിക്കുന്നതിന് കേന്ദ്രത്തിൽ നിന്നും പ്രത്യേക തുകയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതിന് എസ്.എസ്.എ വഴി ധനസഹായം ലഭിക്കുന്നുണ്ട്.

(ബി) ഈ നിയമത്തിൽ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമെന്ന് വിവക്ഷിച്ചിരിക്കുന്നതിനാൽ എട്ടാം ക്ലാസ്സുവരെ സ്വകാര്യ വിദ്യാലയങ്ങളുടെ പങ്കും ആവശ്യകതയും എത്രത്തോളമുണ്ട് എന്ന് വ്യക്തമാക്കാമോ?

(ബി) സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂൾ സംവിധാനം പര്യാപ്തമാണെന്നിരിക്കെ വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 2 (n) IV പ്രകാരമുള്ള സ്വകാര്യ വിദ്യാലയങ്ങളുടെ പങ്ക് കേരളത്തിൽ കുറവാണ്.

(സി) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ കർത്തവ്യവും സംസ്ഥാനത്തെ സ്കൂളുകളിൽ അത് എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ടെന്നും അറിയിക്കാമോ?.

(സി) സംസ്ഥാനത്ത് എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളും എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും സ്കൂൾ ഡെവലപ്മെന്റ് മാനേജ്മെന്റ് കമ്മിറ്റികളും നിലവിലുണ്ട്. ഈ സ്കൂളുകളിൽ നിലവിൽ പി.റ്റി.എ കളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**